"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരിയായിരുന്ന ശ്രീമതി.ഇ.ആശാലത അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയിരുന്ന കാലയളവ് നോൺഡ്യൂട്ടിയായി ക്രമീകരിച്ച്- ഭേദഗതി ഉത്തരവ്- പുറപ്പെട്ടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.966/2024/LSGD തീയതി,തിരുവനന്തപുരം, 03-06-2024

---

പരാമർശം:-
1. 27-12-2023ലെ സ.ഉ.(സാധാ) നം.2580/2023/തസ്വഭവ.
2. കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 15-2-2024ലെ എഫ്5/29881/2023 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 5-4-2024ലെ LSGD/485/2023-DEF4 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരിയായിരുന്ന ശ്രീമതി.ഇ.ആശാലത 31-10-2009 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയിരുന്ന കാലയളവ് നോൺഡ്യൂട്ടിയായി പരിഗണിച്ച് അർഹമായ പെൻഷൻ അനുവദിക്കുന്നതിന് പരാമർശം(1) ഉത്തരവ് പ്രകാരം, പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ അനുവദിക്കുന്നത് കൗൺസിൽ അനുമതിയോടെ അതാത് നഗരസഭകളിൽ നിന്നായതിനാൽ പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു എന്നത് 'നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു" എന്ന് തിരുത്തൽ വരുത്തി നൽകണമെന്ന് നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു എന്ന് പരാമർശം(3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ,പരാമർശം(1) ഉത്തരവിലെ ഖണ്ഡിക(2) താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ഭേദഗതി വരുത്തുന്നു.

"കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരിയായിരുന്ന ശ്രീമതി ഇ.ആശാലത അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയിരുന്ന 31-10-2009 മുതലുള്ള കാലയളവ് നോൺ- ഡ്യൂട്ടിയായി പരിഗണിച്ച് അർഹമായ പെൻഷൻ നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു"

3.പരാമർശം(1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANJALY DEVI A G
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി ഇ. ആശാലത ,Eragottmeethal,Kommeri P O ,Sreelakam
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-06-2024 10:38:17
സെക്ഷൻ ഓഫീസർ